## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3114 | 18.06.2019-ൽ മറുപടിയ്ക്ക്

## കരം അടയ്ക്കുവാൻ സാധിക്കുന്നില്ലെന്ന പരാതി

ചോദ്യം : ശ്രീ.എൽദോസ്.പി. കുന്നപ്പിള്ളിൽ

മറുപടി :

ശ്രീ.ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട വെൺമണി കളീയ്ക്കൽ പടിഞ്ഞാറ്റേതിൽ ജേക്കബ് ജോൺ എന്ന വിമുക്തഭടന് പിതൃസ്വത്തായി ലഭിച്ച 43 സെന്റ് ഭൂമിയുടെ കരം കഴിഞ്ഞ 23 വർഷമായി അടയ്ക്കുവാൻ സാധിക്കുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ആലപ്പുഴ, വെൺമണി കളീയ്ക്കൽ പടിഞ്ഞാറ്റേതിൽ ജേക്കബ് ജോണിന്റെ പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതിക്ക് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; | (ബി) | ശ്രീ.ജേക്കബ് ജോൺ, കളീക്കൽ, പടിഞ്ഞാറ്റേതിൽ, വെൺമണി എന്ന കക്ഷിയ്ക്ക് ആധാരപ്രകാരമുള്ള പടിഞ്ഞാറ് ഭാഗം റീസർവ്വെ 208/10-ൽ 15.70 ആർസ് സ്ഥലം പൂർണ്ണമായും വ്യക്തമായ അതിർത്തിയോടുകൂടി പരാതിക്കാരന്റെ കൈവശമുള്ളതും, കിഴക്ക ഭാഗത്തുള്ള 208/11-ൽപ്പെട്ട 17.35 ആർസ് സ്ഥലം ശ്രീമതി.ശോശാമ്മ ജോർജ്ജ്, കളീക്കൽ വീട്, ജസ്സി എബ്രഹാം, അഭിലാഷ് ഭവൻ, വർഗ്ഗീസ് ജോർജ്ജ് കളീക്കൽ, രാജു ഭവനം, കെ.കെ.എബ്രഹാം കളീക്കൽ എന്നിവരുടെ കൈവശത്തിലും അനുഭവത്തിലുമാണ്. 1649/93 നമ്പർ ആധാരത്തിന്റെ വിവരണ പ്രകാരം ശ്രീ.ജേക്കബ് ജോണിന് അവകാശപ്പെട്ടത് റീസർവ്വെ നമ്പർ 208/11-ൽ 20 സെന്റ് സ്ഥലം ആണെന്നു കണ്ടതിനാൽ 13/01/1994-ലെ 7/93-94 നം പോക്കുവരവ് നടപടി പ്രകാരം ആയത് അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് 4712 നം. തണ്ടപ്പേർ പിടിക്കുകയുണ്ടായി. എന്നാൽ പിന്നീട് നടത്തിയ വിശദ പരിശോധനയിൽ ആധാരത്തിലെ വിവരങ്ങൾ പ്രകാരവും കൈവശാനുഭവത്തിന്റെ അടിസ്ഥാനത്തിലും അപേക്ഷകന് |

| | | | |
|---|---|---|---|
| | | | അവകാശപ്പെട്ട സ്ഥലം 208/10-ൽപ്പെട്ട 15.70 ആർസ് സ്ഥലമാണെന്ന് നിസ്സംശയം ബോധ്യപ്പെട്ടതിനാൽ ശരിയായ സ്ഥലപരിശോധന നടത്താതെ നടത്തിയ 13/01/1994-ലെ 07/93-94-ാം നമ്പർ പ്രകാരമുള്ള പോക്കുവരവ് നടപടിക്രമം ചെങ്ങന്നൂർ അഡീഷണൽ തഹസിൽദാരുടെ 06/10/2008-ലെ എൽ.ആർ.എം.11765/04-ാം നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. ടി റദ്ദ് ചെയ്യപ്പെട്ട 208/11-ൽപ്പെട്ട 17.35 ആർസ് പുരയിടമാണ് തന്റെ കൈവശത്തിലുള്ളതെന്ന് അവകാശപ്പെട്ടാണ് അപേക്ഷകൻ നിരന്തരം പരാതി സമർപ്പിക്കുന്നത്. |
| (സി) | ഇലക്ട്രോണിക് ടോട്ടൽ സർവ്വേ നടത്തി വസ്തുവിന്റെ രൂപരേഖയും റിപ്പോർട്ടും കളക്ടർക്ക് കൈമാറിയിട്ടും പരാതിക്ക് പരിഹാരം കാണാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (സി) | ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് വീണ്ടും അളന്ന് അപേക്ഷകന്റെ വസ്തു 208/10 ലുള്ള 15.70 ആർസ് വസ്തുവാണെന്ന് അപേക്ഷകനെ ബോധ്യപ്പെട്ടുത്തിയിട്ടും 208/11 ലുള്ള 17.35 ആർസ് ആണ് തനിക്ക് കൈവശമെന്നാണ് ശ്രീ.ജേക്കബ് ജോണിന്റെ വാദം. അപേക്ഷകന്റെ കൈവശത്തിലുള്ള 208/10-ൽപ്പെട്ട 15.70 ആർസ് വസ്തുവിന് തിരുത്താധാരം എഴുതി പരിഹരിക്കേണ്ടതാണെന്നും അല്ലാതെ ആധാരത്തിലെ സർവ്വേ നമ്പരും വിസ്തീർണ്ണവും പ്രകാരം റവന്യൂ രേഖകൾ തിരുത്തണമെന്ന ആവശ്യം പരിഗണിക്കാനാവില്ല എന്നും അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തീർപ്പ് അപേക്ഷകൾ അംഗീകരിക്കാത്തതു കൊണ്ടാണ് പരാതിക്ക് പരിഹാരം കാണുവാൻ സാധിക്കാത്തത്. |
| (ഡി) | ഈ വിഷയത്തിൽ അടിയന്തര തീരുമാനം കൈക്കൊണ്ട് ജേക്കബ് ജോണിന് കരം അടയ്ക്കുന്നതിന് അനുമതി നൽകുമോ;വ്യക്തമാക്കുമോ? | (ഡി) | റീസർവ്വെ റിക്കാർഡ് പ്രകാരം 208/10-ൽപ്പെട്ട 15.70 ആർസ് (38.77 സെന്റ്) തണ്ടപ്പേർ 6827-ാം നമ്പർ പ്രകാരം അപേക്ഷകന്റെ പേരിലുള്ളതും ടി സ്ഥലത്തിന് കരം അടയ്ക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ലാത്തതുമാണ്. 208/11 -ൽപ്പെട്ട വസ്തു ശ്രീ.ജേക്കബ് ജോണിന് കൈവശമില്ലാത്തതും കരമടക്കാൻ നിർവ്വാഹമില്ലാത്തതുമാണ്. |

PR

സെക്ഷൻ ഓഫീസർ